**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.T4456

21-03-2018 ൽ മറുപടിയ്ക്ക്

## തിരൂരങ്ങാടി ഫയർസ്റ്റേഷന്റെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ.അബ്ദുറബ്ബ്** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| തിരൂരങ്ങാടി നിർദ്ദിഷ്ട ഫയർ സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാ മാണ്; വിശദമാക്കുമോ? | മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി താലൂക്കിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമാണോ എന്നാരാഞ്ഞുകൊണ്ട് 12.10.2017 ന് തിരൂരങ്ങാടി മുനിസിപ്പൽ അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയതിന് മറുപടി ലഭിച്ചിട്ടില്ല. തിരൂരങ്ങാടി തഹസിൽദാർ ടി താലൂക്കിൽ സ്ഥലം ലഭ്യമല്ല എന്നറിയിച്ചുകൊണ്ട് 14.11.2017 ന് കത്ത് നൽകിയിട്ടുണ്ട്.<br><br>ബഹു.എം.എൽ.എ. നിർദ്ദേശി ച്ചതും, കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതുമായ തെന്നല വില്ലേജിൽ കോഴിച്ചെന പ്രദേശത്തുള്ള 7.47 ഏക്കർ ഭൂമിയിൽ 1 ഏക്കർ ഭൂമി ഫയർ സ്റ്റേഷന് വേണ്ടി ലഭ്യമാക്കുന്ന തിന് സ്ഥലം പരിശോധിച്ചതിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുയോജ്യമാണെന്ന് ബോധ്യപ്പെട്ടി ട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ച ശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ